**അനാഫൊറകൾ സഭയുടെ അമൂല്യസമ്പത്ത്: സീറോമലബാർ ആരാധനക്രമകമ്മീഷൻ**

കാക്കനാട്: സഭയുടെ ആരാധനക്രമത്തിന്റെയും വിശ്വാസസമ്പത്തിന്റെയും നെടുംതൂണുകളായ അനാഫൊറകളെക്കുറിച്ച് ''സീറോമലബാർ സഭയിലെ അനാഫൊറകൾ ഒരു സാധാരണക്കാരന്റെ വീക്ഷണത്തിൽ'' എന്ന തലക്കെട്ടിൽ ഒരു വൈദികൻ സത്യദീപം എന്ന ക്രൈസ്തവപ്രസിദ്ധീകരണത്തിൽ (17.1.2021) എഴുതിയ ലേഖനം സഭയുടെ പഠനങ്ങളോട് ചേർന്ന് പോകുന്നതോ വിശ്വാസപരിപോഷണത്തിന് സഹായകരമോ അല്ലായെന്ന് സീറോമലബാർ ആരാധനക്രമകമ്മീഷൻ അറിയിക്കുന്നു.

മാർ തിയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകൾ ആറാം നൂറ്റാണ്ടുമുതൽ നമ്മുടെ സഭയിൽ ഉപയോഗത്തിലിരുന്നതാണ്. ഉദയംപേരൂർ സൂനഹദോസിനെത്തുടർന്ന് (1599) നിർത്തലാക്കപ്പെട്ട ഈ അനാഫൊറകൾ പുനരുദ്ധരിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത പന്ത്രണ്ടാം പീയൂസ് മാർപാപ്പയും പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘവും കാലാകാലങ്ങളിൽ ചൂണ്ടിക്കാട്ടിയിരുന്നു. അതനുസരിച്ച് സഭ ഈ അനാഫൊറകളെക്കുറിച്ച് ആഴമായ പഠനങ്ങൾ വിവിധ തലങ്ങളിൽ നടത്തുകയും ഇവ വിശ്വാസസംബന്ധമായും ദൈവശാസ്ത്രപരമായും ഭദ്രവും സമ്പന്നവുമാണെന്ന് കണ്ടെത്തുകയും ചെയ്തു.

അതിനുശേഷമാണ് സിനഡുപിതാക്കന്മാരുടെയും പരിശുദ്ധസിംഹാസനത്തിന്റെയും അംഗീകാരത്തോടുകൂടി 2013 ൽ മാർ തിയദോറിന്റെയും 2018 ൽ മാർ നെസ്തോറിയസിന്റെയും അനാഫൊറകൾ പൊതുഉപയോഗത്തിനായി ആരാധനക്രമകമ്മീഷൻ പ്രസിദ്ധീകരിച്ചത്. നിർദേശിക്കപ്പെട്ടിരിക്കുന്ന കാലങ്ങളിലും ദിവസങ്ങളിലും ഈ അനാഫൊറകൾ ഉപയോഗിച്ച് വിശുദ്ധകുർബാനയർപ്പിക്കുന്നത് സീറോമലബാർ സഭയുടെ ദൈവശാസ്ത്രവളർച്ചയെയും കൂട്ടായ്മയെയും വിശ്വാസജീവിതത്തെയും ത്വരിതപ്പെടുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,
കാക്കനാട്.
24.01.2021